തോട്ടുകര പാലത്തിന് ഭരണാനുമതി

198 (5283) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന മുസഹാജി മുക്കിനെ കിനാത്തിലുമായി ബന്ധിപ്പിക്കുന്ന തോട്ടുകര പാലത്തിന് ഭരണാനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തോട്ടുകരപാലം നിർമ്മാണത്തിന് പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകുന്നതിന് 850 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

നടപ്പാതകളിലെ കയ്യേറ്റം

199 (5284) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ നടപ്പാതകളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) നടപ്പാതകൾ കയ്യേറി സ്വകാര്യ സ്ഥാപനങ്ങളും മറ്റും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് കാൽനടയാത്രക്കാർക്കും മറ്റും തടസ്സങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ;

(ഇ) കയ്യേറ്റങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് സുപ്രീംകോടതിയുടെ നോട്ടീസ് ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ലഭിച്ചിട്ടുണ്ട്.

(എഫ്) കയ്യേറ്റങ്ങൾക്കെതിരെ ലഭിച്ച സുപ്രീം കോടതിയുടെ നോട്ടീസ് ഹൈവേ അതോറിറ്റി എന്ന നിലയിൽ എല്ലാ റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും തുടർനടപടിക്കായി അയച്ചുകൊടുക്കുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും കയ്യേറ്റങ്ങൾ ഉണ്ടാകുകയാണെങ്കിൽ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കട്ടനാട്ടിലെ നിർമ്മാണ പ്രവൃത്തികൾ

200 (5285) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കട്ടനാട്ടിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം ആണ് റദ്ദുചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കട്ടനാട്ടിൽ കെട്ടിട വിഭാഗം, കെ.എസ്.ടി.പി. എന്നിവ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* അതിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. റദ്ദ് ചെയ്തിട്ടുള്ള പ്രവൃത്തികൾ ഒന്നുംതന്നെയില്ല. നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു നൽകുന്നതാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.